**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4075** **17-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ സിന്തറ്റിക് ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സിന്തറ്റിക് ലഹരിയുടെ വ്യാപനം തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സിന്തറ്റിക് ലഹരി ഉൾപ്പെടെയുള്ള എല്ലാ ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | കൊച്ചിയിൽ ലഹരിക്ക് അടിമയായ പന്ത്രണ്ടു വയസ്സുകാരൻ പത്തു വയസ്സുകാരിയായ സഹോദരിക്ക് എം.ഡിഎം.എ ലഹരി നൽകിയതടക്കം കുട്ടികളിലെ ലഹരി ഉപയോഗം സംബന്ധിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗവും വിപണനവും തടയുന്നതിനായി എക്സൈസ് വകുപ്പ് മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 2021 ജനുവരി മുതൽ 2025 ജനുവരി 31 വരെ ലഹരി ഉപയോഗിച്ചതിന് കുട്ടികൾക്കെതിരെ 194 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടാതെ ലഹരിക്കെതിരെ വിമുക്തി മിഷൻ മുഖേനെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ